# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5830

## 19.11.2019 - ലെ മറുപടിയ്ക്ക്

## ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സർക്കാർ ജീവനക്കാരുടെ ശമ്പളം ട്രഷറി അക്കൗണ്ട് വഴി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ച സാഹചര്യത്തിൽ ട്രഷറി നിക്ഷേപങ്ങൾ കൂടുതൽ ആകർഷകമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | 13.06.2019 - ലെ സ.ഉ.(പി)67/19/ധന നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളം ട്രഷറി അക്കൗണ്ട് വഴി വിതരണം ചെയ്യാൻ തത്വത്തിൽ തീരുമാനിച്ചിരുന്നു. സ്പാർക്ക് വഴി ശമ്പള ബിൽ തയ്യാറാക്കുന്ന ജീവനക്കാർക്ക് മാത്രമാണ് 27.06.2019 - ലെ 63/2019/ധന, 20.07.2019 - ലെ 68/2019/ധന എന്നീ സർക്കുലറുകൾ പ്രകാരം ഇ.ടി.എസ്.ബി. അക്കൗണ്ട് ബാധകമാക്കിയിട്ടുള്ളത്. 20.07.2019 - ലെ സ.ഉ.(പി) 94/2019/ധന നമ്പർ ഉത്തരവ് പ്രകാരം ഇ.ടി.എസ്.ബി. അക്കൗണ്ടിൽ ഓരോ മാസത്തെയും പതിനെട്ടാം തീയതി വരെ നിലനിൽക്കുന്ന ഏറ്റവും കുറഞ്ഞ ബാലൻസിന് 6% പലിശയാണ് സർക്കാർ നൽകി വരുന്നത്. കൂടാതെ, 04.10.2019 - ലെ സ.ഉ.(പി)136/2019/ധന നമ്പർ ഉത്തരവ് പ്രകാരം ട്രഷറികളിൽ 01.11.2019 മുതൽ ഉയർന്ന പലിശ നിരക്കിൽ ഹ്രസ്വകാല സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കാൻ ഉത്തരവായിട്ടുണ്ട്. 46 ദിവസം മുതൽ 90 ദിവസം വരെ 6.50%, 91 ദിവസം മുതൽ 180 ദിവസം വരെ 7.25%, 181 ദിവസം മുതൽ 365 ദിവസം വരെ 8.00% എന്നിങ്ങനെയാണ് പലിശ അനുവദിച്ചിട്ടുള്ളത്. |
| (ബി) | ട്രഷറികളിൽ എ.ടി.എം. സൗകര്യമൊരുക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | നടപടികൾ സ്വീകരിച്ചുവരുന്നു. |

Manjula

സെക്ഷൻ ഓഫീസർ